പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1131

20.03.2012-ൽ മറുപടി
നൽകേണ്ടത്

## കുത്തിയതോട് താലൂക്ക് രൂപീകരണം

**ചോദ്യം:**

ശ്രീ.എ. എം. ആരിഫ്

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അരൂർ നിയോജകമണ്ഡലത്തിലെ കുത്തിയതോട് കേന്ദ്രമാക്കി താലൂക്ക് രൂപീകരിക്കണമെന്ന നിവേദനത്തിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചത് ;

(സി) അരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് ചേർത്തല കേന്ദ്രമായി താലൂക്ക് പ്രവർത്തിക്കുന്നത് മൂലമുള്ള പ്രയാസം ഒഴിവാക്കുന്നതിനായി ചേർത്തല താലൂക്ക് വിഭജിച്ച് ചേന്നം പള്ളിപ്പുറം മുതൽ തുറവൂർ വരെയുള്ള പത്ത് പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് കുത്തിയതോട് താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ ?

**മറുപടി :**

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുന:സംഘടന/ രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007-ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ 21 ആയി കുത്തിയതോട് താലൂക്ക് രൂപീകരണം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ കുത്തിയതോട് താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ